(ജി) അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

19 (3418) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :- താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ-ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിലെ പുത്തൻകാട് പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളനി നിവാസികൾക്ക് കൈവശ ഭൂമിയ്ക്ക് പട്ടയം നല്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോളനിയിലെ എല്ലാ വീടുകളും സൗജന്യമായി വൈദ്യുതീകരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോളനിയിലേക്ക് ആവശ്യമായ സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ആന്റ് (ഡി) നടപടി സ്വീകരിക്കുന്നതാണ്.

അഖിലേന്ത്യാ മത്സരപരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണം കുറഞ്ഞുവരുന്നത് സംബന്ധിച്ച പഠനം

20 (3419) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഐ.എഫ്.എസ് തുടങ്ങിയ അഖിലേന്ത്യാ മത്സര പരീക്ഷകളിൽ വിജയിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അഖിലേന്ത്യാ മത്സര പരീക്ഷകളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിലവിലുള്ള പരിശീലനസംവിധാനങ്ങൾ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) ഉണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഉയർന്ന നിലവാരമുള്ള ഫാക്കൽറ്റിയുടെ അഭാവം.

2. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.

3. പഠിതാക്കൾക്ക് വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിന് വേണ്ട രീതിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പിഴവ്.

4. പഠിതാക്കൾക്ക് വേണ്ടത്ര പ്രചോദനം ഇല്ലാത്തത്.

5. സ്ഥാപനത്തെക്കുറിച്ചുള്ള അറിവ് പട്ടിക വിഭാഗ വിദ്യാർത്ഥികൾക്ക് ഇല്ലാത്തത്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 30 ഉദ്യോഗാർത്ഥികൾക്ക് അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷ എഴുതുന്നതിനു വേണ്ടി പരിശീലനം നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനം തിരുവനന്തപുരത്ത് 1990 മുതൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ 2000 മാണ്ട് മേയ് മാസത്തെ സിവിൽ സർവീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള 12 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യവും നൽകുന്നുണ്ട്. ഐ.ബി.എസ്.ഇ.റ്റി.എസി ൽ പ്രിലിമിനറി പരീക്ഷ പാസ്സു ആകുന്നവരെ ഡെൽഹിയിലെ ഐ.എ.എസ് പരിശീലന കേന്ദ്രത്തിൽ അയച്ച് മെയിൻ പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു.

(ഇ)&(എഫ്) ഉണ്ട്.

(ജി) നിലവിലുള്ള പരിശീലനം മെച്ചപ്പെടുത്തുന്നതിനായി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതു കൂടാതെ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ പ്രിൻസിപ്പാൾ സമർപ്പിച്ച നിർദ്ദേശങ്ങളും നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതി (1998-2000) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

കേരളോത്സവത്തിന്റെ വേദി

21 (3420) ശ്രീ. വർഗ്ഗീസ് വൈദ്യർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly